## അദ്ധ്യായം 5.3

# മൃഗസംരക്ഷണവും ക്ഷീരവികസനവും

പഞ്ചായത്തിൽ നിരവധി ക്ഷീരകർഷകരുണ്ട്. സ്വന്തം വീടുകളിൽ കൃഷിയോടൊപ്പം കാലിവളർത്തൽ ഉപതൊഴിലായി സ്വീകരിച്ചിട്ടുള്ളവരാണ് ഭൂരിപക്ഷം പേരും. വൻകിടഫാമുകൾ ഒന്നുംതന്നെയില്ല എന്നു പറയാം. കർഷകർ ഉല്പാദിപ്പിക്കുന്ന പാൽ സംഭരിക്കുന്നതിനു സഹകരണ സംഘങ്ങളും മറ്റ് ഏജൻസികളും പ്രവർത്തിക്കുന്നുണ്ട്. കാലിത്തീറ്റയുടെ വിലയും തീറ്റപ്പുൽക്ഷാമവും ഒരളവു വരെ ഈ മേഖലയെ ബാധിക്കുന്നുണ്ട്.

നിലവിൽ ഈ രംഗത്ത് ഒട്ടേറെ പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. നല്ലയിനം പശുക്കളും എരുമകളും മറ്റും ആവശ്യത്തിന് ലഭിക്കുന്നില്ല എന്നതും മൃഗങ്ങളെ ശാസ്ത്രീയമായി പരിപാലിക്കുന്നതിൽ കർഷകർക്കുള്ള അറിവിന്റെ പരിമിതിയും നിലനിൽക്കുന്നുണ്ട്. തീറ്റപ്പുല്ല് ലഭ്യത മറ്റൊരു പ്രശ്നമാണ്. കാലിത്തീറ്റയുടെ നിരന്തരമായ വിലക്കയറ്റവും ക്ഷീരകർഷകർക്കു ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. ഉല്പാദനചിലവും പാലുൽപ്പന്നങ്ങളിൽ നിന്നുള്ള വരുമാനവുമായി താരതമ്യപ്പെടുത്തുമ്പോൾ കർഷകരുടെ വരുമാനം തുലോം തുച്ഛമാണ്. ഒന്നോ രണ്ടോ പശുക്കളെ വളർത്തുന്നവരാണ് ഭൂരിഭാഗവും എന്നതിനാൽ വരുമാനത്തിനു പരിധിയുണ്ടുതാനും.

ഈ രംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കർഷകർ ധാരാളം നിർദ്ദേശങ്ങൾ മുന്നോട്ടു വച്ചിട്ടുണ്ട്. ക്ഷീരകർഷകർക്ക് അത്യുല്പാദനശേഷിയുള്ള ജനുസുകളെ ആവശ്യത്തിനു ലഭ്യമാക്കുവാൻ വേണ്ട സാഹചര്യം ഉണ്ടാവണം. ആധുനികരീതിയിൽ കന്നുകാലികളെ പരിപാലിക്കുന്നതിന് കർഷകർക്ക് കാലാകാലങ്ങളിൽ പരിശീലനം നൽകേണ്ടതുണ്ട്. തീറ്റപ്പുൽകൃഷി വ്യാപകമാക്കുവാൻ വേണ്ട നടപടികളുണ്ടാകണം.

തരിശു കിടക്കുന്ന മുഴുവൻ പ്രദേശങ്ങളും തീറ്റപ്പുൽകൃഷിക്ക് പ്രയോജനപ്പെടുത്തുവാൻ കഴിയേണ്ടതുണ്ട്. കാലിത്തീറ്റ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുന്നതിനൊപ്പം പ്രാദേശികമായി ലഭ്യമാകുന്ന വൈക്കോൽ, ചക്ക, തുടങ്ങിയവ പ്രയോജനപ്പെടുത്തി കുറഞ്ഞ ചെലവിൽ കാലിത്തീറ്റ നിർമ്മിക്കുന്നതിനായി ഒരു കർഷകകൂട്ടായ്മയും അവർക്ക് വേണ്ട പരിശീലനവും യന്ത്രസാമഗ്രികളും ലഭ്യമാക്കുന്നതു നന്നായിരിക്കും. ഒന്നോ രണ്ടോ പശുക്കളെ വളർത്തുന്നതിനേക്കാൾ കൂടുതൽ പശുക്കളെ വളർത്തുന്ന ഫാമുകൾ ആരംഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടത് ആവശ്യമാണ്.

ക്ഷീരസംഘങ്ങൾ വഴി പാൽ സമാഹരിച്ച് മിൽമക്കും മറ്റും നൽകുന്നതിനൊപ്പം പാലിന്റെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുവാനുള്ള ശ്രമമുണ്ടാവണം. വെണ്ണ, പാൽക്കട്ടി, തൈര് മറ്റ് പാനീയങ്ങൾ എല്ലാം പ്രദേശികമായി വിപണിയിലിറക്കാൻ സാധിക്കുന്നതേയുള്ളൂ.

മൃഗങ്ങളുടെ രോഗചികിത്സയ്ക്കായി മൃഗാശുപത്രികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും, ഒരു മൊബൈൽ ക്ലിനിക്ക് ആരംഭിക്കുകയും വേണം. ഈ രംഗത്ത് പഞ്ചായത്ത് നടപ്പിലാ

ക്കുന്ന പദ്ധതികൾക്കു പുറമെ, മൃസംരക്ഷണവകുപ്പ് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിൽ വരുത്തുന്നുണ്ട്.

ഇത്തരം പദ്ധതികൾകൂടി ഗ്രാമസഭകളിൽ ചർച്ച ചെയ്യുകയാണെങ്കിൽ കൂടുതൽ കർഷകർക്ക് സംഗതികളെക്കുറിച്ച് മനസ്സിലാക്കാൻ കഴിയും.

ഇത്തരത്തിൽ ഒട്ടേറെ വികസനസാധ്യതകളുള്ള ക്ഷീരവികസനരംഗത്ത് പരമ്പരാഗതമായി നടത്തിവരുന് പദ്ധതികൾക്കപ്പുറം നൂതനമായ പദ്ധതികൾ ഏറ്റെടുക്കേണ്ടത് അത്യാവശ്യമാണ്.

പ്രധാന നിർദ്ദേശങ്ങൾ

എ. കാലിവളർത്തൽ മുഖ്യതൊഴിലായി സ്വീകരിക്കുന്നവർക്ക് ആധുനികരീതിയിൽ ഫാമുകൾ നടത്തുന്നിനുള്ള സാഹചര്യം ഒരുക്കുക.

ബി. കുറഞ്ഞ ചിലവിൽ കാലിത്തീറ്റ ലഭ്യമാക്കുക.

സി. നല്ല ജനുസ്സുകളെ ലഭ്യമാക്കുന്നതിനു പദ്ധതി ആവിഷ്കരിക്കുക

ഡി. ക്ഷീരസംഘങ്ങളുടെ പ്രവർത്തനം കൂടുതൽ വിപുലമാക്കുക.

ഇ. മൊബൈൽ മൃസംരക്ഷണ ക്ലിനിക്ക് ആരംഭിക്കുക.

എഫ്. മൂല്യവർദ്ധിത ഉല്പന്നങ്ങൾ മാർക്കറ്റിലിറക്കാൻ വേണ്ട നടപടി സ്വീകരിക്കുക.

ജി. സഹകരണ മേഖലയിൽ കാലിത്തീറ്റ ഫാക്ടറി സ്ഥാപിക്കുക

എച്ച്. പുൽകൃഷി വ്യാപകമാക്കുന്നതിനു സമഗ്രപദ്ധതി തയ്യാറാക്കുക.

## അദ്ധ്യായം 5.4

# ചെറുകിട വ്യവസായം

നാമമാത്രമായ ചെറുകിട വ്യവസായ സംരംഭങ്ങൾ മാത്രമേ നമ്മുടെ പഞ്ചായത്തിലുള്ളൂ. ഒട്ടേറെ സാദ്ധ്യതകളുണ്ടെങ്കിലും ചെറുകിട വ്യവസായമേഖല വേണ്ടത്ര ശക്തിപ്പെട്ടിട്ടില്ല. കുടുംബശ്രീ പ്രസ്ഥാനത്തിന്റെ വളർച്ചയോടുകൂടി ചില സംരംഭങ്ങൾ ആരംഭിച്ചുവെങ്കിലും നമ്മുടെ ആവശ്യത്തിനും സാധ്യതകൾക്കും അനുശ്രുതമായി വളർന്നിട്ടില്ല.

സംരംഭങ്ങൾ ആരംഭിക്കുന്നതിനു വേണ്ടത്ര അറിവും പരിശീലനവും ആവശ്യാനുസരണം ലഭിക്കുന്നില്ല എന്നത് പ്രധാന പ്രശ്നമാണ്. എന്തിനൊക്കെയാണ് മാർക്കറ്റിൽ ഡിമാന്റുള്ളത്, എങ്ങിനെ ഉല്പന്നങ്ങൾ മാർക്കറ്റ് ചെയ്യണം തുടങ്ങിയ സംഗതികൾ സംരംഭകർ മനസ്സിലാക്കിയെങ്കിൽ മാത്രമേ പുതിയ വ്യവസായങ്ങൾ വരികയുള്ളൂ. സ്വദേശിയും വിദേശിയുമായ വൻകിടകമ്പനികൾ ആകർഷകമായ പരസ്യങ്ങൾ നൽകി അവരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുമ്പോൾ, നമ്മുടെ നാട്ടിൻപുറങ്ങളിലെ ഉല്പന്നങ്ങൾ വിറ്റഴിക്കാൻ കഴിയാതെ പോകുന്നു എന്നത് വലിയ പ്രതിസന്ധി സൃഷ്ടിക്കുന്നു. നാട്ടിലെ ജനങ്ങളാവട്ടെ നാട്ടിൽ ഉല്പാദിപ്പിക്കുന്ന ഗുണനിലവാരമുള്ള ഉല്പന്നങ്ങളുടെ പ്രചാരകരാകുന്നതിനു പകരം പരസ്യത്തിന്റെ മായികവലയത്തിൽപ്പെട്ട് വൻകിടക്കാരുടെ ഉല്പന്നങ്ങൾ മാത്രം വാങ്ങുകയാണ്.

നമ്മുടെ പഞ്ചായത്തിൽ എന്തെല്ലാം അസംസ്കൃത വസ്തുക്കൾക്ക് ലഭ്യതയുണ്ട്. അവ പ്രയോജനപ്പെടുത്തി എന്തെല്ലാം സംരംഭങ്ങളാരംഭിക്കാം തുടങ്ങിയ വിഷയങ്ങളിൽ ഗൗരവപൂർണ്ണമായ അന്വേഷണങ്ങൾ ഒന്നും നടന്നിട്ടുമില്ല.

പഞ്ചായത്തിൽ ചെറുകിട വ്യവസായങ്ങൾ വളരണമെങ്കിൽ ഒട്ടേറെ കാര്യങ്ങൾ നമ്മൾ ഏറ്റെടുക്കേണ്ടതുണ്ട്.

എ. ഒന്നാമതായി ഉല്പന്നങ്ങൾ മാർക്കറ്റ് ചെയ്യാനുള്ള സാഹചര്യം വേണം. തങ്ങളുടെ ഉല്പന്നങ്ങൾ പ്രദർശിപ്പിക്കുവാനും വിപണനം നടത്തുന്നതിനുമായി ഒരു സ്ഥിരം വിപണനകേന്ദ്രം ഉണ്ടാവുക എന്നതാണ് ഏറ്റവും പ്രധാനം.

ബി. അസംസ്കൃത സാധനങ്ങളുടെ ലഭ്യതക്കനുസരിച്ച് ഏതൊക്കെ സംരംഭങ്ങൾക്കാണ് സാധ്യത എന്നത് സംബന്ധിച്ച് പഠനം നടത്തുകയും ആവശ്യമായ പരിശീലനങ്ങൾ സംഘടിപ്പിക്കുകയും വേണം.

സി. നമ്മുടെ നാട്ടിൽ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ പ്രചരിപ്പിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് വ്യാപകമായ ബോധവത്ക്കരണ പ്രവർത്തനങ്ങൾ എല്ലാ വേദികളിലും നിരന്തരമായി നടത്തുകയും സ്വന്തം നാട്ടിൽ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ വാങ്ങി ഉപയോഗിക്കുന്നത് അഭിമാന കരമായ കാര്യമാണെന്ന തോന്നൽ ജനങ്ങൾക്കിടയിലുണ്ടാവണം.

ഡി. ജൈവവളം, കാലിത്തീറ്റ, കോഴിത്തീറ്റ, റെഡിമെയ്ഡ് വസ്ത്രങ്ങൾ, മിനറൽ വാട്ടർ, സോപ്പ് ഉല്പന്നങ്ങൾ, കാർഷിക ആയുധങ്ങൾ, റബ്ബർ ഉല്പന്നങ്ങൾ, ചകിരി, ചിരട്ട എന്നിവ കൊണ്ടുള്ള ഉല്പന്നങ്ങൾ, തടി ഉല്പന്നങ്ങൾ തുടങ്ങിയ ഒട്ടേറെ സാധ്യതകൾ നമുക്കുണ്ട്. ഇത് പ്രയോജനപ്പെടുത്തണം.

ഇ. ഇതു സംബന്ധിച്ച് സമഗ്രമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ഒരു വിദഗ്ധ സമിതിയെ നിയോഗിക്കണം.

## അദ്ധ്യായം 5.5
# പൊതുമരാമത്ത്, ഊർജ്ജം

കരിങ്കുന്നം ഗ്രാമപഞ്ചായത്തിലെ എല്ലാ പ്രദേശങ്ങളെയും ബന്ധപ്പെടുത്തുന്ന റോഡ് ശൃംഖല രൂപപ്പെട്ടിട്ടുണ്ട് എങ്കിലും എല്ലാ റോഡുകളും പൂർണ്ണമായി സഞ്ചാരയോഗ്യമാക്കുവാൻ ഇനിയും കഴിഞ്ഞിട്ടില്ല. കുന്നും മലകളും നിറഞ്ഞ പ്രദേശമായതിനാൽ റോഡിന്റെ നിർമ്മാണ ചെലവും റോഡ് നിർമ്മിക്കുവാനുള്ള സമയവും കൂടുതൽ വേണ്ടിവരുന്നുണ്ട്. വൈദ്യുതി എത്തിച്ചേരാത്ത ഏതാനും വീടുകളും ഒറ്റപ്പെട്ട ചില പ്രദേശങ്ങളും കൂടി പഞ്ചായത്തിലുണ്ട്.

പഞ്ചായത്തിലൂടെ കടന്നു പോകുന്ന പി.ഡബ്ലിയു.ഡി. റോഡുകളുടെയും പി.ഡബ്ലിയു.ഡി. ഏറ്റെടുക്കാത്ത റോഡുകളുടെയും നീളം കാണുമ്പോൾ നമ്മൾ നേടിയെടുക്കുവാനുള്ള ആവശ്യം എത്രത്തോളം വലുതാണ് എന്ന് മനസ്സിലാക്കാവുന്നതേയുള്ളൂ. ത്രിതല പഞ്ചായത്തുകൾക്ക് കൂടുതൽ അധികാരവും പണവും ലഭ്യമായതോടുകൂടി റോഡുകളുടെ വികസനത്തിൽ വലിയ തോതിലുള്ള മുന്നേറ്റമുണ്ടായിട്ടുണ്ട്. എന്നിരുന്നാലും നമ്മുടെ ആവശ്യം വളരെയേറെയാണ് എന്നതിനാൽ ഇനിയും ചില പഞ്ചവത്സര പദ്ധതികാലം കൂടി നമ്മൾ തീവ്രമായി ശ്രമിച്ചാൽ മാത്രമേ റോഡ് പ്രശ്നം പൂർണ്ണമായി പരിഹരിക്കാൻ കഴിയുകയുള്ളൂ.

ഏറെ ഗൗരവത്തോടെ കാണേണ്ട മറ്റൊരു സംഗതി റോഡ് സൗകര്യവും വൈദ്യുതിയും ഇനിയും എത്തിച്ചേർന്നിട്ടില്ലാത്ത പ്രദേശങ്ങൾ പട്ടികജാതി പട്ടികവർഗ്ഗ സങ്കേതങ്ങളും ഏറ്റവും നിർദ്ധനരായ ജനങ്ങൾ നിവസിക്കുന്ന പ്രദേശവുമാണ് എന്നതാണ്. വളരെ ഗൗരവതരമായ ഈ വശം പരിഗണിക്കാതെ പോകാനാവില്ല.

അതിരൂക്ഷമായ ഈ പ്രശ്നം പരിഹരിക്കുന്നതിനു സംസ്ഥാന പൊതുമരാമത്ത് വകുപ്പ്, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ, നബാർഡ് എന്നിവരുമായി ബന്ധപ്പെട്ടുകൊണ്ട് ഒരു സമഗ്ര സമീപനരേഖ തയ്യാറാക്കേണ്ടതും അതിന്റെ അടിസ്ഥാനത്തിൽ കർമ്മപരിപാടികൾക്ക് രൂപം നൽകേണ്ടതുമാണ്. ഇങ്ങനെ കർമ്മപരിപാടി തയ്യാറാക്കുമ്പോൾ മുകളിൽ സൂചിപ്പിച്ച പിന്നോക്ക പ്രദേശങ്ങളുടെ യാത്രാസൗകര്യം മെച്ചപ്പെടുത്തുന്നതിനുമുള്ള മുൻഗണന ലഭിക്കത്തക്കവിധം രൂപരേഖ തയ്യാറാക്കേണ്ടതുണ്ട്. ഗ്രാമപഞ്ചായത്തിലെ റോഡ് സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനൊപ്പം തന്നെ പ്രാധാന്യമർഹിക്കുന്നതാണ് ഗ്രാമപഞ്ചായത്ത് ഓഫീസും പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള മറ്റ് ഓഫീസുകളും സ്ഥാപനങ്ങളും കാലാനുസൃതമായി വികസിപ്പിക്കുകയും ആധുനികവത്ക്കരിക്കുകയും

ചെയ്യുക എന്നുള്ളത്. അതിനാവശ്യമായ ദീർഘവീക്ഷണത്തോടെയുള്ള കർമ്മപരിപാടികൾ ആവിഷ്കരിക്കുകയാണ് വേണ്ടത്. എല്ലാ മേഖലയിലെയും വികസന പ്രവർത്തനങ്ങൾ തരിതപ്പെടുത്തുന്നതിനും പൊതുജനങ്ങൾക്ക് ഏറ്റവും വേഗത്തിൽ സേവനം ലഭ്യമാക്കുന്നതിനും വിവിധ ഓഫീസുകൾ കാലാനുസൃതമായി ആധുനികവത്ക്കരിക്കേണ്ടത് വളരെ അത്യാവശ്യമാണ്. റോഡുകൾ, പാലങ്ങൾ, വൈദ്യുത വിതരണം, ഓഫീസുകളുടെയും കെട്ടിടങ്ങളുടെയും നവീകരണം തുടങ്ങിയ രംഗങ്ങളിൽ ഉയർന്നു വന്ന പ്രധാന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

എ. കരിങ്കുന്നം ഗ്രാമപഞ്ചായത്ത് ഓഫീസ് സമുച്ചയം പൂർണ്ണമായും ആധുനികവത്ക്കരിക്കണം.

ബി. കരിങ്കുന്നം പി.എച്ച്.സി. ക്ക് പുതിയ ബ്ലോക്കും ക്വാർട്ടേഴ്സും നിർമ്മിക്കണം.

സി. ആധുനിക രീതിയിൽ കംഫർട്ട് സ്റ്റേഷനും ഡോർമെറ്ററിയും നിർമ്മിക്കണം.

ഡി. പഞ്ചായത്തിലെ ഏറ്റവും പിന്നോക്ക പ്രദേശങ്ങൾക്ക് അടിയന്തിരമായി യാത്രാസൗകര്യം ലഭ്യമാകത്തക്കനിലയിൽ റോഡുകളുടെ മുൻഗണനാ ലിസ്റ്റ് തയ്യാറാക്കുകയും ലിസ്റ്റിൽ നിന്നും ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് പണികൾ ഏറ്റെടുക്കുകയും പണികൾ ഏറ്റെടുക്കുകയും വേണം.

ജി. എല്ലാ ഗാർഹിക ഉപഭോക്താക്കൾക്കും വൈദ്യുതി എത്തിക്കുക എന്ന ലക്ഷ്യത്തോടെയുള്ള പ്രവർത്തനം സംഘടിപ്പിക്കണം.

എച്ച്. പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള എല്ലാ ഓഫീസുകളും, അംഗൻവാടികളും, കമ്മ്യൂണിറ്റി ഹാളുകളും നവീകരിക്കണം.

ഐ. ഊർജ്ജക്ഷാമം രൂക്ഷമായിട്ടുള്ള ഈ കാലഘട്ടത്തിൽ പാരമ്പര്യ ഇതര ഊർജ്ജ സ്രോതസ്സുകൾ പരമാവധി പ്രയോജനപ്പെടുത്തുവാൻ പദ്ധതി വേണം.

ജെ. ഏറ്റവും കൂടുതൽ വൈദ്യുതി പാഴായി പോകുന്നത് വൈദ്യുതിലൈനിലെ തകരാറുകൾ മൂലമാണ്. ഇത് പരിഹരിക്കാനുള്ള സത്വര നടപടി സ്വീകരിക്കേണ്ടതുണ്ട്.

കെ. തെരുവു വിളക്കുകൾ എല്ലാം തന്നെ സോളാർ ലൈറ്റുകളാക്കിയാൽ ലക്ഷക്കണക്കിന് യൂണിറ്റ് വൈദ്യുതി ലാഭിക്കുവാൻ കഴിയും.

എൽ. ഗാർഹിക ഉപഭോക്താക്കളെ പരമാവധി സോളാർ വൈദ്യുതി ഉപയോഗിക്കുവാൻ പ്രോത്സാഹിപ്പിക്കണം.

## അദ്ധ്യായം 5.6

# ദാരിദ്ര്യലഘൂകരണം

ദാരിദ്ര്യനിർമ്മാർജ്ജന രംഗത്ത് നിരവധിയായ പ്രവർത്തനങ്ങളാണ് ഗ്രാമപഞ്ചായത്ത് നടത്തിവരുന്നത്. ഏറ്റവും നിർധനരും നിരാലംബരുമായ വ്യക്തികളെയും കുടുംബാംഗങ്ങളെയും ആശ്രയ പദ്ധതിയിൽ ഉൾപ്പെടുത്തി അവർക്ക് വീട്, മറ്റ് പശ്ചാത്തല സൗകര്യങ്ങൾ എന്നിവ ഒരുക്കുന്നതിനും ജീവിത നിലവാരം ഉയർത്തുന്നതിനുമായി സ്വയംതൊഴിൽ കണ്ടെത്തുന്നതടക്കമുള്ള പ്രവർത്തനങ്ങളെയും നടന്നു വരുന്നുണ്ട്. വീടില്ലാത്തവർക്ക് വീട് വച്ച് നൽകുക വഴി സുപ്രധാനമായ ലക്ഷ്യം നേടിയെടുക്കുന്നതിനായി കേരള സർക്കാരും, ജില്ലാ, ബ്ലോക്ക് പഞ്ചായത്തുകളുമായി സഹകരിച്ച് നിരവധി പ്രോജക്ടുകൾ നടപ്പിലാക്കിക്കഴിഞ്ഞു. ലൈഫ് മിഷൻ ഇപ്പോൾ നടന്നുവരുന്നുണ്ട്. വീടുകളുടെ അറ്റകുറ്റപ്പണിയാണ് എവിടെയും എത്താതെ നിൽക്കുന്നത്. പല വർഷങ്ങളിലും പ്രോജക്ടുകൾ വച്ചുവെങ്കിലും പഞ്ചായത്തിന്റെ ആവശ്യവുമായി തട്ടിച്ചുനോക്കുമ്പോൾ ചെറിയൊരു ഭാഗംപോലും പൂർത്തിയാക്കാനായിട്ടില്ല.

വീടും സ്ഥലവുമില്ലാത്തതും വാടകക്കോ പുറമ്പോക്കിലോ താമസിക്കുന്നതുമായ ഏതാനും കുടുംബങ്ങളുണ്ട്. ഇവരുടെ പ്രശ്നം ലൈഫ് മിഷനിൽകൂടി പരിഹരിക്കാനുള്ള ശ്രമം നടത്തുകയാണ്. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കി വരുന്നതിനാൽ ദരിദ്രരായ നിരവധി ആളുകളുടെ പ്രശ്നങ്ങൾക്ക് വലിയൊരളവു വരെ പരിഹാരം കണ്ടെത്താനായിട്ടുണ്ട്.

ദാരിദ്ര്യനിർമ്മാർജ്ജനരംഗത്ത് ഒട്ടേറെ മുന്നോട്ടു പോയിട്ടുണ്ട് എങ്കിലും ഈ രംഗത്ത് പരിഹൃതമാകേണ്ട കാര്യങ്ങൾ ഇനിയുമേറെയാണ്.

ആശ്രയപദ്ധതിയിൽപ്പെട്ടിട്ടുള്ള കുടുംബങ്ങളുടെ ഇപ്പോഴത്തെ അവസ്ഥ മനസ്സിലാക്കുകയും അവരുടെ ജീവിതസാഹചര്യങ്ങളും ജീവിതനിലവാരവും മെച്ചപ്പെടുത്തുന്നതിനാവശ്യമായ പ്രോജക്ടുകൾക്ക് രൂപം നൽകേണ്ടി വരും. ഭവനനിർമ്മാണരംഗത്ത് ഇനിയും കൂടുതൽ വീടുകൾ നിർമ്മിച്ച് നൽകേണ്ടതുണ്ട്. നടപ്പു പഞ്ചവത്സരപദ്ധതികാലത്ത് ഇത് പൂർത്തീകരിക്കുവാൻ സാധിക്കേണ്ടതാണ്. സ്വന്തമായി ഒരു വീട് ഉണ്ടെങ്കിലും അത് അറ്റകുറ്റപ്പണികൾ നടത്തി വാസയോഗ്യമാക്കുവാൻ കഴിയാത്ത ആയിരക്കണക്കിനു കുടുംബങ്ങളുണ്ട്. ഈ പ്രശ്നം അതീവ ഗൗരവതരമായി പരിഹരിക്കേണ്ടതാണ്. നിലവിൽ നൽകി വരുന്ന ധനസഹായം കൊണ്ട് വീടിന്റെ അറ്റകുറ്റപ്പണി നടത്താനാവാത്ത അവസ്ഥയുണ്ട്. വീടും സ്ഥലവുമില്ലാത്തവരെക്കുറിച്ചുള്ള കൃത്യമായ ലിസ്റ്റ് തയ്യാറായി വരുന്നുണ്ട്. അത് അന്തിമമാക്കുന്നതിനുള്ള സർവ്വെ നടന്നുവരികയാണ്. പഞ്ചായത്തിന്റെ അധീനതയിൽ ലഭ്യമായ സ്ഥലത്ത് ഭവനസമുച്ചയം നിർമ്മിക്കാനുള്ള നിർദ്ദേശം ഗവ. മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്.

യാതൊരു ജോലിക്കും പോകാൻ കഴിയാതെയും സംരക്ഷിക്കുവാൻ കുടുംബത്തിൽ യാതൊരു സാഹചര്യവുമില്ലാത്തവരുമായ തീർത്തും ആലംബഹീനരായ വളരെ കുറച്ച് വ്യക്തികൾ പഞ്ചായത്ത് അതിർത്തിയിലുണ്ട്. ഇവർക്ക് അംഗൻവാടികൾ, സ്കൂളുകൾ എന്നിവിടങ്ങളിൽ നടത്തിവരുന്ന ഉച്ചഭക്ഷണ പരിപാടിയുടെ ഭാഗമായി ഒരു നേരത്തെ ഭക്ഷണം നൽകാൻ കഴിയത്തക്ക തരത്തിൽ തീരുമാനമുണ്ടാവേ

ണ്ടതുണ്ട്. ഓരോ പ്രോജക്ടും ഏറ്റെടുക്കുമ്പോൾ ഒരു നിശ്ചിത കാലയളവിനുള്ളിൽ പൂർത്തീകരിക്കത്തക്ക വിധത്തിൽ കൃത്യമായ പഠനത്തിന്റെയും പ്ലാനിംഗിന്റെയും അടിസ്ഥാനത്തിൽ ഏറ്റെടുക്കേണ്ടതുണ്ട്.

ആശ്രയ പദ്ധതിയെക്കുറിച്ച് സമഗ്രമായ പഠനം നടത്തുകയും പുരോഗതി വിലയിരുത്തി ഈ പദ്ധതിയുടെ ഭാഗമായി തുടരേണ്ടവരുടെ മാത്രം ലിസ്റ്റ് അംഗീകരിക്കുകയും അവർക്കായുള്ള തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുക.

സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങൾക്കു വിരുദ്ധമായി അനർഹരായ ആരെങ്കിലും ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ആയത് പരിശോധിച്ച് ഒഴിവാക്കേണ്ടതും തികച്ചും അർഹരായവർ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലെങ്കിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

ഇതേ മാതൃകയിൽ വാർഡുതലത്തിൽ പഞ്ചായത്ത് ധനസഹായം നൽകി വീട് അറ്റകുറ്റപ്പണി നടത്തേണ്ട തീർത്തും അനിവാര്യമായുള്ള ഗുണഭോക്താക്കളുടെ മുൻഗണനാ പട്ടിക തയ്യാറാക്കി ഗ്രാമസഭ അംഗീകരിക്കുകയും ഇതിൽ നിന്നും ഗുണഭോക്താക്കളുടെ മുൻഗണനാ പട്ടിക തയ്യാറാക്കി പദ്ധതി നടപ്പിലാക്കുകയും വേണം. പഞ്ചവത്സര പദ്ധതിക്കാലത്ത് എത്ര വീടുകളുടെ അറ്റകുറ്റപ്പണി പൂർത്തിയാക്കണം എന്ന കൃത്യമായ ലക്ഷ്യത്തോടുകൂടി പ്രോജക്ട് പ്ലാൻ ചെയ്യേണ്ടതുണ്ട്.

ഏറ്റവും നിരാലംബരായ പ്രത്യേകിച്ച് വാർദ്ധക്യം ബാധിച്ചവർക്ക് അംഗൻവാടികൾ, സ്കൂളുകൾ എന്നിവിടങ്ങളിലെ ഉച്ചഭക്ഷണ പരിപാടിയുടെ ഭാഗമായി ഭക്ഷണം നൽകുന്നതിനെക്കുറിച്ച് ആലോചിച്ച് തീരുമാനിക്കേണ്ടതാണ്.

## അദ്ധ്യായം 5.7

# സാമൂഹ്യനീതി

സാമൂഹ്യക്ഷേമരംഗത്ത് നിരവധിയായ പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. കർഷകത്തൊഴിലാളി പെൻഷൻ, വിധവാ പെൻഷൻ, വാർദ്ധക്യകാല പെൻഷൻ, വികലാംഗപെൻഷൻ, തൊഴിൽരഹിതവേതനം മുതലായവ നൽകിവരുന്നുണ്ട്. ഓരോ പെൻഷനുകൾക്കും യോഗ്യരായവരുടെ അപേക്ഷ സ്വീകരിക്കുകയും യഥാസമയം തീരുമാനമെടുക്കുകയും ചെയ്യുന്നുണ്ട്. ശാരീരിക മാനസിക വിഷമതകൾ നേരിടുന്നവർക്കായി ഉപകരണങ്ങൾ നൽകൽ, കിടപ്പിലായ രോഗികൾക്ക് സാന്ത്വനം എത്തിക്കുന്നതിനായി പാലിയേറ്റീവ് കെയർ സംവിധാനം തുടങ്ങിയ പ്രവർത്തനങ്ങളും നടന്നു വരുന്നുണ്ട്. നമ്മുടെ പഞ്ചായത്തിൽ നിന്നും വിവിധ ക്ഷേമപെൻഷനുകൾ കൈപ്പറ്റുന്നവരുടെ എണ്ണം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | - | 188 |
| വിധവാ പെൻഷൻ | - | 308 |
| വികലാംഗ പെൻഷൻ | - | 131 |
| വാർദ്ധക്യകാല പെൻഷൻ | - | 670 |
| 50 വയസ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്ക് പെൻഷൻ | - | 16 |
| തൊഴിൽരഹിത വേതനം | - | 47 |

വിവിധ ക്ഷേമപെൻഷനുകൾ അനർഹരായ ആരെങ്കിലും കൈപ്പറ്റുന്നുണ്ടോ, അർഹതപ്പെട്ടവർക്ക് ലഭിക്കാതിരിക്കുകയോ, തുടങ്ങിയിട്ടുള്ള പരിശോധന കാലാകാലങ്ങളിൽ നടക്കുന്നില്ല എന്ന പരിമിതി നമുക്കുണ്ട്. ഓരോ പെൻഷനുകളുടെയും തൊഴിൽരഹിത വേതനത്തിന്റെയും ഗുണഭോക്താക്കളുടെ വാർഡ് തിരിച്ചുള്ള പട്ടിക തയ്യാറാക്കി ഗ്രാമസഭകളിൽ അവതരിപ്പിച്ച് പുനക്രമീകരിക്കേണ്ടത് വളരെ അത്യാവശ്യമാണ്.

പാലിയേറ്റീവ് കെയർ സംവിധാനം ഇന്നുള്ളതിൽ നിന്നും കുറച്ചുകൂടി കാര്യക്ഷമമാക്കേണ്ടതുണ്ട്. വിവിധ മെഡിക്കൽ ക്യാമ്പുകൾ, പാലിയേറ്റീവ് കെയർ, പകർച്ചവ്യാധികൾ തടയുന്നതിനായുള്ള പ്രവർത്തനങ്ങൾ എന്നിവയ്ക്കായി ഒരു സഞ്ചരിക്കുന്ന ക്ലിനിക്ക് ആവശ്യമാണ്. അതിനായി പി.എച്ച്. സി. ക്കായി ഒരു വാഹനം വാങ്ങേണ്ടത് അത്യാവശ്യമാണ്.

ശാരീരിക വൈകല്യമുള്ള മുഴുവൻ വിദ്യാർത്ഥികളുടെയും 18 വയസ്സിൽ താഴെയുള്ളവരുടെയും ലിസ്റ്റ് തയ്യാറാക്കി എല്ലാവർക്കും ആവശ്യമായ ഉപകരണങ്ങൾ നൽകേണ്ടതാണ്.

വിദ്യാർത്ഥികളും തൊഴിലെടുക്കുന്നവരുമായ മുഴുവൻ അന്ധർക്കും ടോക്കിംഗ് സോഫ്റ്റ്‌വെയർ ലഭ്യമാക്കണം.

വിവിധ പെൻഷനുകൾ, തൊഴിൽരഹിതവേതനം എന്നിവയുടെ വാർഡ്തല ലിസ്റ്റ് തയ്യാറാക്കി ഗ്രാമസഭയിൽ അവതരിപ്പിച്ച് തെറ്റുകുറ്റങ്ങൾ പരിഹരിച്ച് പുനഃക്രമീകരിക്കേണ്ടതാണ്.

ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ശ്മശാനം സ്ഥാപിക്കാൻ ഇനി ഒട്ടും വൈകിക്കൂടാ.

ഗ്രാമസഭ ചേരുന്നതിനും ആരോഗ്യ-കുടുംബശ്രീ, തൊഴിലുറപ്പ് പ്രവർത്തനങ്ങൾ ഏകോകിപ്പിക്കുന്നതിനുമായി കമ്മ്യൂണിറ്റി ഹാളുകളില്ലാത്ത എല്ലാ വാർഡുകളിലും കമ്മ്യൂണിറ്റി ഹാൾ എന്ന ലക്ഷ്യം വച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ പ്ലാൻ ചെയ്യണം.

അർഹരായ നിരവധി പേർക്ക് ഇനിയും ചില പെൻഷനുകൾ അനുവദിച്ച് കിട്ടേണ്ടതുണ്ട്. അങ്ങിനെയുള്ളവരുടെ പ്രശ്നം പരിഹരിക്കുന്നതിനായി പ്രത്യേകം പ്രവർത്തനം സംഘടിപ്പിക്കേണ്ടതാണ്.

## അദ്ധ്യായം 5.8

# സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമം

സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമത്തിനായുള്ള പ്രവർത്തനങ്ങളുടെ കേന്ദ്രം സാമൂഹ്യക്ഷേമവകുപ്പിനു കീഴിലുള്ള അംഗൻവാടികളിലാണ്. നിലവിൽ ആറു വയസ്സിൽ താഴെയുള്ള കുട്ടികൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, 18 വയസ്സിൽ താഴെയുള്ള കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കും പോഷകാഹാരം നൽകി വരുന്നുണ്ട്. സ്ത്രീകൾക്കെതിരായ എല്ലാവിധ അതിക്രമങ്ങളും തടയുന്നതിനായി സംസ്ഥാന വനിതാ കമ്മീഷന്റെ നിയന്ത്രണത്തിൽ പഞ്ചായത്ത് വാർഡ്തലത്തിൽ ജാഗ്രതാസമിതികൾ രൂപീകരിച്ചിട്ടുണ്ട്. സ്ത്രീശാക്തീകരണരംഗത്ത് സ്തുത്യർഹമായ സേവനമാണ് കുടുംബശ്രീ പ്രസ്ഥാനം നിർവ്വഹിച്ചു വരുന്നത്. സ്ത്രീകൾക്കായി വിവിധ രംഗങ്ങളിലുള്ള തൊഴിൽ പരിശീലനം, സ്വയംതൊഴിൽ കണ്ടെത്തുന്നതിനായി പ്രോത്സാഹനം, വിവിധ രംഗങ്ങളിൽ നേതൃത്വമേറ്റെടുത്ത് പ്രവർത്തിക്കുവാനുള്ള കഴിവ് എന്നിവയെ വികസിപ്പിച്ചെടുക്കുന്നതിൽ കുടുംബശ്രീ പ്രസ്ഥാനം നല്ല പങ്ക് വഹിക്കുന്നുണ്ട്.

സ്ത്രീകളുടെ തൊഴിലും വരുമാനവും വർദ്ധിപ്പിക്കുന്നതിനും അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനുമായി നിരവധി ഏജൻസികളുടെ പ്രവർത്തനം നടന്നുവരുന്നുണ്ട്. നിയമത്തിന്റെ പരിരക്ഷ നൽകുന്നതിലേക്കായി കോടതികളും പോലീസുമൊക്കെ ഉള്ളതിനുപുറമെ വനിതാ കമ്മീഷനും അതിന്റെ കുറച്ചുകൂടി വിപുലീകൃതമായ 'ജാഗ്രതാ സമിതികളും' ഒക്കെ നിലവിൽ വന്നിട്ടും സ്ത്രീകൾക്കെതിരായ അതിക്രമങ്ങളും അവരുടെ പിന്നോക്കാവസ്ഥക്കും കാര്യമായ മാറ്റമുണ്ടായിട്ടില്ല എന്നത് വിമർശനപരമായി പരിശോധിക്കേണ്ടതു തന്നെയാണ്. കുടുംബശ്രീ പ്രസ്ഥാനവും ദേശീയ തൊഴിലുറപ്പ് പദ്ധതിയുമെല്ലാം വന്നതോടെ സ്ത്രീകളുടെ പ്രവർത്തനമേഖലയും തൊഴിൽരംഗവും വികസിച്ചുവെങ്കിലും ഗാർഹിക അന്തരീക്ഷത്തിൽ അവരുടെ അവസ്ഥ തീർത്തും ദയനീയമാണെന്ന് കാണാം.

കുടുംബത്തിന്റെ എല്ലാ ജോലികളും സ്ത്രീകൾ തന്നെ നിർവ്വഹിക്കേണ്ട അവസ്ഥയുണ്ട്. കുഞ്ഞുങ്ങളുടെ പരിപാലനവും പരിശീലനവും പുറത്തുപോയി തൊഴിലെടുക്കുക കൂടി ചെയ്യുമ്പോൾ ഒരു സ്ത്രീ ശരാശരി 16 മണിക്കൂർ വരെ ജോലി ചെയ്യേണ്ടി വരുന്നുണ്ട് എന്നതാണ് ഈ രംഗത്ത് നടത്തിയിട്ടുള്ള എല്ലാ പഠനങ്ങളും കാണിക്കുന്നത്.

പൊതുസ്ഥലങ്ങളിൽ ധൈര്യമായി സഞ്ചരിക്കുവാൻ, ബസ്സിൽ, സിനിമാശാലകളിൽ തുടങ്ങി പല സ്ഥലങ്ങളിലും ഇപ്പോഴും സ്ത്രീകൾ അതിക്രമങ്ങൾക്ക് വിധേയരാകുന്നുണ്ട്. സ്ത്രീധനത്തിന്റെ പേരിലും, ജാതി, മതം, നിറം, സമ്പത്ത് തുടങ്ങിയ നിരവധി കാരണങ്ങൾ പറഞ്ഞ് സ്ത്രീയെ മാനസികവും ശാരീരികവുമായി കടന്നാക്രമിക്കുക എന്നത് ഇപ്പോഴും നാട്ടിൽ സർവ്വസാധാരണമാണ്.

പൊതുഇടങ്ങളിലും ഓഫീസുകളിലും വിദ്യാലയങ്ങളിലും സ്ത്രീകൾക്ക് വേണ്ടത്ര ടോയ്‌ലറ്റ് സൗകര്യങ്ങൾ ഒരുക്കുവാൻ ഇനിയും നമുക്കായിട്ടില്ല.

മുകളിൽ സൂചിപ്പിച്ച പ്രതിസന്ധികൾ മറിച്ചുകടക്കുന്നതിനായുള്ള ബോധപൂർവ്വകമായ പ്രവർത്തനങ്ങളാണ് പഞ്ചവത്സര പദ്ധതിക്കാലത്ത് നാം പ്ലാൻ ചെയ്യേണ്ടത്.

അംഗൻവാടികൾ വഴി നടപ്പിലാക്കുന്ന പോഷകാഹാര പരിപാടി കാലോചിതമായി പരിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്. ഉച്ചഭക്ഷണം ചോറും കറിയുമാക്കി പരിഷ്കരിക്കുകയും രാവിലെയും വൈകുന്നേരവും ആഴ്ചയിൽ രണ്ടു ദിവസം പാൽ, രണ്ടു ദിവസം മുട്ട, ബാക്കി ദിവസം ഗോതമ്പ് എന്ന രീതിയിലാക്കി പരിഷ്കരിക്കണം. നിരാലംബരായ ആളുകൾക്കു കൂടി അംഗൻവാടികളിൽ നിന്നും ഭക്ഷണം ലഭിക്കത്തക്കവിധത്തിൽ ക്രമീകരിക്കണം. കൗമാരപ്രായക്കാരുടെ പ്രതിവാരയോഗവും ക്ലാസ്സും കഴിഞ്ഞ പങ്കെടുക്കുന്ന കുട്ടികൾക്ക് ഭക്ഷണം പാകപ്പെടുത്താതെ തന്നെ നൽകാൻ കഴിയുന്നതാണ് കൂടുതൽ നല്ലത്. ഗർഭിണികൾക്കും പാലൂട്ടുന്ന അമ്മമാർക്കും ഇതേ രീതി തുടരുന്നത് ഉചിതമായിരിക്കും.

അംഗൻവാടിയിലെ ജീവനക്കാർ തുച്ഛമായ വേതനം പറ്റിക്കൊണ്ട് കഠിനാദ്ധ്വാനം ചെയ്യുന്നവരാണ്. അവർ കുട്ടികളുടെയും സ്ത്രീകളുടെയും പുരോഗതിക്കു മാത്രമല്ല പ്രവർത്തിക്കുന്നത്. പാലിയേറ്റീവ് കെയർ, വികലാംഗക്ഷേമം, പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനം തുടങ്ങിയ നിരവധി മേഖലകളിൽ സേവനമനുഷ്ടിക്കുന്ന ഇവർക്ക് പഞ്ചായത്തുകാർ നൽകുന്ന അധിക ഹോണറേറിയം 1000 രൂപയെങ്കിലും ആക്കേണ്ടതാണ്.

കുടുംബശ്രീ വഴിയും മറ്റ് സ്വാശ്രയസംഘങ്ങൾ വഴിയും സ്വയംതൊഴിൽ സംരംഭങ്ങൾ നടത്തുന്ന സ്ത്രീകൾക്കും അവരുടെ സംഘങ്ങൾക്കും റിവോൾവിംഗ് ഫണ്ട് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓരോ അംഗൻവാടികളിലും ഓരോ മഹിളാ സമാജങ്ങളുണ്ടാവുകയും സ്ത്രീശാക്തീകരണ പ്രവർത്തനങ്ങളിലും പൊതു സാമൂഹ്യപ്രശ്നങ്ങളിലും ഇടപെടാനും നേതൃത്വപരമായ പങ്ക് വഹിക്കാനും ഇവർക്ക് കഴിയത്തക്കവിധം സമീപനമുണ്ടാവണം.

വാർഡ്തല ജാഗ്രതാസമിതികൾ കാര്യക്ഷമമായി പ്രവർത്തിപ്പിക്കാൻ ശക്തമായ ഇടപെടൽ ആവശ്യമാണ്. ഇതിന് പഞ്ചായത്ത്തല ജാഗ്രതാസമിതി കാര്യക്ഷമമായാലേ കഴിയുകയുള്ളൂ എന്നത് മനസ്സിലാക്കി ആവശ്യമായ ഇടപെടലുകൾ നടത്തണം.

ഇത്രയേറെ പ്രവർത്തനങ്ങളുടെ കേന്ദ്രമെന്ന നിലയിലേക്ക് എല്ലാ അംഗൻവാടികളും വെള്ളവും വെളിച്ചവും ചുറ്റുമതിലുമുള്ള പ്രത്യേക വികസന കേന്ദ്രങ്ങളാക്കി വളർത്തിയെടുക്കണം.

## അദ്ധ്യായം 5.9

# ആരോഗ്യം

പതിമൂയാരിത്തിൽപരം ജനങ്ങൾ താമസിക്കുന്ന ഈ പ്രദേശത്ത് ചികിത്സാ സൗകര്യങ്ങൾ വളരെ കുറവാണ്. ഇവിടുത്തെ ജനങ്ങളിൽ നല്ലൊരുഭാഗം എസ്.സി. വിഭാഗത്തിൽപ്പെട്ടവരും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുമാണ്. അവരുടെ ചികിത്സാ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി തൊടുപുഴ, പാലാ, കോട്ടയം, കോലഞ്ചേരി എന്നിവിടങ്ങളെയാണ് ആശ്രയിക്കുന്നത്. ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള പി.എച്ച്.സി. യും അതിന്റെ സബ്സെന്ററുകളും അവർ നടത്തുന്ന മെഡിക്കൽ ക്യാമ്പുകളുമെല്ലാം കൂടി ചേർന്നാലും നമ്മുടെ ആവശ്യത്തിന്റെ വളരെ ചെറിയൊരു ശതമാനം മാത്രം നിർവ്വഹിക്കാനേ കഴിയുന്നുള്ളൂ. പി.എച്ച്.സി. യാകട്ടെ ഐ.പി. വിഭാഗം ചികിത്സ ഇല്ല എന്നതിനാൽ ഒരു ചെറിയ അസുഖം വന്നാൽക്കൂടി സ്വകാര്യആശുപത്രികളെ ആശ്രയിക്കേണ്ട അവസ്ഥയുണ്ട്. മറ്റു പല കാര്യങ്ങളിലും നാം ഏറെ മുന്നോട്ടു പോയി എങ്കിലും ആരോഗ്യരംഗത്തെ നമ്മുടെ മുന്നേറ്റം താരതമ്യേന കുറവാണ് എന്ന് നാം വിലയിരുത്താതെ കഴിയില്ല.

അലോപ്പതി

| | | |
|---|---|---|
| പി.എച്ച്.സി. | - | 1 |
| സബ്സെന്ററുകൾ | - | 1 |
| സ്വകാര്യ ആശുപത്രികൾ | - | 1 |
| സർക്കാർ ആയുർവ്വേദ ഡിസ്പൻസറി | - | 1 |
| സർക്കാർ ഹോമിയോ ഡിസ്പൻസറി | - | 2 |

ആശുപത്രികളുടെയും അവിടങ്ങളിലെ കിടക്കകളുടെയും സൗകര്യങ്ങൾ വിലയിരുത്തിയാൽ നമ്മുടെ പരിമിതി മനസ്സിലാക്കാവുന്നതേയുള്ളൂ. ഇക്കാര്യത്തിൽ വളരെ ശ്രദ്ധയോടുകൂടിയ പ്രവർത്തനങ്ങൾ ആവിഷ്കരിക്കേണ്ടത് വളരെ അത്യാവശ്യമാണ്. രോഗം വന്നിട്ട് ചികിത്സിക്കുന്നതിനുള്ള സൗകര്യങ്ങളെക്കുറിച്ചാണ് ഇതുവരെ പ്രതിപാദിച്ചത്. എങ്കിൽ രോഗം വരാതിരിക്കാനുള്ള പ്രവർത്തനങ്ങളും വളരെ പ്രാധാന്യത്തോടെ നടപ്പിലാക്കേണ്ടതുണ്ട്. പകർച്ചവ്യാധികൾ തടയുന്നതിനും പരിസര മലിനീകരണം പൂർണ്ണമായും ഇല്ലാതാക്കി എല്ലാ ജലസ്രോതസ്സുകളെയും ശുദ്ധമായി സംരക്ഷിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളും വ്യാപകമായ ബോധവത്ക്കരണ പ്രവർത്തനങ്ങളും നിരന്തരമായി സംഘടിപ്പിക്കേണ്ടതിന്റെ ആവശ്യകതയിലേക്കാണ് നമ്മുടെ സാഹചര്യം വിരൽ ചൂണ്ടുന്നത്.

ഈ പശ്ചാത്തലത്തിൽ നിന്നുകൊണ്ടു വേണം ആരോഗ്യരംഗത്ത് നടപ്പാക്കേണ്ട സംഗതികൾ പ്ലാൻ ചെയ്യാൻ.

പ്രഥമ പരിഗണന നൽകിക്കൊണ്ട് നടപ്പിലാക്കേണ്ടത് നമ്മുടെ പി.എച്ച്.സി. യെ കമ്മ്യൂണിറ്റി ഹെൽത്ത്സെന്റർ (സി.എച്ച്.സി.) ആക്കി ഉയർത്തുക എന്നുള്ളതാണ്. അങ്ങനെയായാൽ 50 രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യവും അതിനാവശ്യമായ പാരാമെഡിക്കൽ സ്റ്റാഫിനെയും അനുവദിച്ചുകിട്ടും. ഏറ്റവും പ്രധാനം 5 ൽ കൂടുതൽ ഡോക്ടർമാരുടെ പോസ്റ്റ് ഉണ്ടാവും എന്നതുതന്നെയാണ്. ഇത്രയും വിപുലീകരണം വരുമ്പോൾ അതിനാവശ്യമായ കെട്ടിടങ്ങൾ, ഉപകരണങ്ങൾ, ക്വാർട്ടേഴ്സുകൾ എന്നിവ ക്രമീകരിക്കേണ്ടി വരും. അതിനാവശ്യമായ അധിക സർക്കാർ സഹായം ലഭ്യമാവുകയും ചെയ്യും. ഈ സാഹചര്യത്തിൽ ഒത്തൊരുമയോടെയുള്ള പ്രവർത്തനത്തിന്റെ ഭാഗമായി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ എന്ന ലക്ഷ്യത്തിലേക്ക് നമുക്ക് നീങ്ങാം.

കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ പ്രവർത്തനമാരംഭിക്കുന്നതോടെ സബ്സെന്ററുകളെ കാര്യക്ഷമമാക്കാൻ വിഷമമുണ്ടാവില്ല.

ആശുപത്രിയിലും സബ്സെന്ററുകളിലും മെഡിക്കൽ ക്യാമ്പുകളിലും ആവശ്യത്തിനുള്ള മരുന്നുകളുടെ ലഭ്യത ഉറപ്പാക്കേണ്ടതാണ്.

പൊന്നന്താനത്ത് പുതിയ ഹോമിയോ ആശുപത്രി ആവശ്യമാണ്.

ഏറ്റവും കൂടുതൽ രോഗങ്ങൾ പിടിപെടുന്നതും പടർന്നുപിടിക്കുന്നതും വായുവും ജലവും മലിനമാവുക വഴിയാണ്. ഇത് തടയാതെ ചികിത്സാ സൗകര്യം വർദ്ധിപ്പിച്ചതുകൊണ്ടു മാത്രം കാര്യമില്ല. തുറസ്സായ സ്ഥലങ്ങളിൽ മലമൂത്രവിസർജ്ജനം ചെയ്യുകയും വീടുകളിലെയും തൊഴുത്ത്, കോഴി, പന്നി എന്നിവയെ വളർത്തുന്ന കേന്ദ്രങ്ങൾ എന്നിവിടങ്ങളിലെയും മാലിന്യങ്ങൾ റോഡരികിലെ ഓടകളിലും തുറസ്സായ സ്ഥലങ്ങളിലും തൊടുകളിലേക്കും വ്യാപകമായി നിക്ഷേപിച്ചുകൊണ്ടിരിക്കുകയാണ്. ഇത് നാട്ടിലുണ്ടാക്കുന്ന പ്രത്യാഘാതം ഭീമമായിരിക്കും. വ്യക്തിശുചിത്വം നന്നായി പാലിക്കുന്ന നമ്മൾ സാമൂഹ്യ ശുചിത്വം പാലിക്കാത്തതിന്റെ ഫലമാണ് ഇവിടെ പടരുന്ന രോഗങ്ങൾക്ക് കാരണം. ഇത് തടയുന്നതിനുള്ള ബോധവത്ക്കരണവും കർക്കശമായ ശിക്ഷാനടപടികളും ഉണ്ടാവാതെ തരമില്ല.

ജീവിതശൈലി രോഗങ്ങൾ, ജലജന്യരോഗങ്ങൾ, മറ്റ് പകർച്ചവ്യാധികൾ എന്നിവയെക്കുറിച്ചും ആഹാരത്തിന്റെയും വ്യായാമത്തിന്റെയും പ്രാധാന്യത്തെക്കുറിച്ചുമെല്ലാം നിരന്തരമായ ബോധവത്ക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടതുണ്ട്.

## അദ്ധ്യായം 5.10

# വിദ്യാഭ്യാസം

കരിങ്കുന്നം ഗ്രാമപഞ്ചായത്തിലെ വിദ്യാഭ്യാസരംഗം സാമാന്യേന മെച്ചപ്പെട്ടതാണ്. ഹയർ സെക്കന്ററി വരെയുള്ള വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ ഇവിടെയുണ്ട്. പക്ഷേ ഉന്നത വിദ്യാഭ്യാസ രംഗമാവുമ്പോഴേക്കു സ്ഥിതി വളരെ ദയനീയമാവും. 10 മുതൽ 30 വരെ കിലോമീറ്റർ യാത്ര ചെയ്താലേ കുട്ടികൾക്ക് തൊടുപുഴ, പാലാ എന്നിവിടങ്ങളിലെ കോളേജുകളിൽ എത്താൻ കഴിയുകയുള്ളൂ.

സ്കൂളുകളുടെ വിശദാംശങ്ങൾ

| | | |
|---|---|---|
| എൽ.പി. സ്കൂൾ | - | 2 |
| യു.പി. സ്കൂൾ | - | 3 |
| ഹൈസ്ക്കൂൾ | - | 1 |
| പ്രീ-പ്രൈമറി | - | 2 |
| അംഗൻവാടികൾ | - | 17 |
| ഹയർ സെക്കന്ററി സ്കൂൾ | - | 1 |
| ആകെ എയ്ഡഡ് സ്കൂളുകൾ | - | 4 |

വിദ്യാഭ്യാസരംഗത്ത് പ്രീ-പ്രൈമറി രംഗം മുതൽ ഹയർ സെക്കന്ററി രംഗം വരെ മുകളിൽ ചേർത്തതു പോലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുണ്ട്. നിരവധിയായ കാരണങ്ങളാൽ സർക്കാർ മേഖലയിലുള്ള വിദ്യാലയങ്ങൾ ദുർബലമായിക്കൊണ്ടിരിക്കുകയും അൺ എയ്ഡഡും സ്വാശ്രയവുമായ സ്ഥാപനങ്ങൾ ധാരാളമായി മുളച്ച് പൊങ്ങുകയും ചെയ്യുന്ന കാഴ്ച നമുക്ക് കാണാൻ കഴിയും. ദൈനംദിന ജീവിതചിലവ് കണ്ടെത്താൻ ബുദ്ധിമുട്ടുന്ന കുടുംബങ്ങളും കുട്ടികളും സ്വാശ്രയ പ്രസ്ഥാനങ്ങളിൽ വ്യാപകമായി കുട്ടികളെ അയക്കുന്നു എന്ന വിരോധാഭാസവും നിലനിൽക്കുന്നുണ്ട്.

വിദ്യാഭ്യാസരംഗത്ത് ഏറ്റവും കൂടുതൽ ഇടപെടാൻ കഴിയുന്നത് ജില്ലാ പഞ്ചായത്തുകൾക്കാണ്. ഗ്രാമപഞ്ചായത്തുകൾക്ക് ഇക്കാര്യത്തിൽ പരിമിതമായ കാര്യങ്ങൾ മാത്രമാണ് ചെയ്യാനുള്ളത് എന്നിരുന്നാലും പഞ്ചായത്തുകൾക്ക് ഇടപെടാൻ കഴിയുന്ന രംഗങ്ങളിലൊക്കെ ഇടപെട്ട് വരുന്നുണ്ട്. പ്രൈമറി സ്കൂൾ മാത്രമായി പ്രവർത്തിക്കുന്ന പൊതുമേഖലയിലുള്ള സ്ഥാപനം ഗവ. എൽ.പി.എസ്., കരിങ്കുന്നം ആണ്. അതിന്റെ സമഗ്രമായ പുരോഗതിക്കും മറ്റ് സ്കൂളുകൾക്ക് ആവശ്യമായ പശ്ചാത്തല സൗകര്യം ഒരുക്കുന്നതിനും ശ്രദ്ധവച്ച് പ്രവർത്തിക്കുന്നുണ്ട്. ഹയർ സെക്കന്ററി വരെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ ത്രിതല പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുണ്ട്. എങ്കിലും മറ്റ് വകുപ്പുകളിൽ നിന്നും വിഭിന്നമായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇപ്പോഴും ഡിപ്പാർട്ടുമെന്റിന്റെ കൃത്യമായ നിയന്ത്രണത്തിലാണ് പ്രവർത്തിച്ചു വരുന്നത്. സർവ്വശിക്ഷാ അഭിയാൻ, രാഷ്ട്രീയ മാധ്യമിക് അഭിയാൻ തുടങ്ങിയ കേരള, കേന്ദ്ര സർക്കാർ പദ്ധതികൾ വേറെയും നടന്നു വരുന്നുണ്ട്. ഇവയൊക്കെ ഏകോകിപ്പിച്ച് സുതാര്യമായി നടത്തേണ്ട സ്കൂൾ അധികാരികൾ അദ്ധ്യാപക-രക്ഷാകർത്തൃ സമിതികൾ

എന്നിവ തങ്ങളുടെ അധികാരത്തിനും ചുമതലക്കും വേണ്ടുന്ന രൂപത്തിൽ ഉയർന്ന് പ്രവർത്തിക്കാത്തതിന്റെ ചില പ്രശ്നങ്ങളും കാണാൻ കഴിയും. ഇത്തരത്തിലെ പൊതുപ്രശ്നങ്ങളുടെ പശ്ചാത്തലത്തിൽ നമുക്ക് താഴെപ്പറയുന്ന സമീപനങ്ങൾ എടുക്കേണ്ടിവരും.

പഞ്ചായത്ത് എഡ്യൂക്കേഷൻ കമ്മിറ്റികൾ സമഗ്രമായും പുനഃസംഘടിപ്പിക്കുകയും പഞ്ചായത്തിലെ വിദ്യാഭ്യാസരംഗത്ത് നടപ്പിലാക്കുന്ന ഏതു കാര്യവും പി.ഇ.സി. യുടെ തീരുമാനപ്രകാരമായിരിക്കുകയും വേണം. നിരന്തരമായ മോണിട്ടറിംഗ് ആവശ്യമാണ്.

പി.ഇ.സി. പ്രവർത്തനങ്ങൾക്കായി പഞ്ചായത്ത് എഡ്യൂക്കേഷൻ ഓഫീസർ എന്ന തസ്തികയിൽ ഹൈസ്ക്കൂൾ ഹെഡ്മാസ്റ്ററുടെ റാങ്കിൽ ഒരു ഉദ്യോഗസ്ഥൻ ഉണ്ടാവുകയും ഈ ആൾ നിർവ്വഹണ ഉദ്യോഗസ്ഥനായി മാറുകയും വേണം.

മുഴുവൻ അംഗൻവാടികളെയും പ്രീ-പ്രൈമറി സ്കൂളുകളാക്കി കൺവർട്ട് ചെയ്ത് കൂടുതൽ ആധുനീകരിക്കേണ്ടതുണ്ട്. പ്രീ-പ്രൈമറി വിദ്യാഭ്യാസം പൂർത്തീകരിക്കുന്ന കുട്ടികളെ സ്കൂളിൽ പ്രൈമറിയിൽ ചേർക്കുന്ന തരത്തിൽ മാറ്റം വരണം.

## അദ്ധ്യായം 5.11

# കുടിവെള്ളം, ശുചിത്വം

മനുഷ്യന്റെ ജീവിതാവശ്യങ്ങളിൽ ഏറ്റവും പ്രധാനം ശുദ്ധവായുവും ശുദ്ധജലവുമാണല്ലോ, ഇവ രണ്ടും മനുഷ്യരാശിയുടെ നിലനില്പ്പിനെ തന്നെ ബാധിക്കുന്ന തരലത്തിൽ മലിനമായിക്കൊണ്ടിരിക്കുകയാണ്. എല്ലാവർക്കും കുടിവെള്ളം എത്തിക്കുക എന്നതുപോലെയോ അതിനേക്കാളോ പ്രസക്തമാണ്. ഉള്ള ജലം മലിനമാകാതെ സൂക്ഷിക്കുക എന്നുള്ളത് തോയിപ്ര തോടും കരിങ്കുന്നം തോടും എം.വി.ഐ.പി. കനാലും മറ്റ് ധാരാളം അരുവികളും ഉള്ള നമുക്ക് പഞ്ചായത്തിൽ ആകെ എടുത്താൽ അതിരൂക്ഷമായ കുടിവെള്ളക്ഷാമമില്ല എന്നു തന്നെ പറയാം. മിക്കവാറും കുടുംബങ്ങളിൽ സ്വന്തമായി കിണറുമുണ്ട്. അരുവികളിൽ നിന്നും കുളങ്ങളിൽ നിന്നും പ്രകൃതിദത്തമായ ഒഴുക്കിലൂടെ ജലം സംഭരിക്കുന്ന ധാരാളം കുടുംബങ്ങളും ഇവിടെയുണ്ട്. നിരന്ന പ്രദേശങ്ങളിൽ കേരള വാട്ടർ അതോറിറ്റി ജലവിതരണം നടത്തി വരുന്നുണ്ട്. ഇത്തരം സൗകര്യങ്ങളൊക്കെയുണ്ടെങ്കിലും രൂക്ഷമായ കുടിവെള്ളക്ഷാമമുള്ള ചില പ്രദേശങ്ങൾ ഇവിടെയുണ്ട്.

ശുചിത്വകാര്യങ്ങളിൽ മറ്റ് പ്രദേശങ്ങളിലേതുപോലെ നമ്മുടെ പഞ്ചായത്തിലെ ജനങ്ങളും ശുചിത്വകാര്യത്തിൽ ഏറെ പിന്നോക്കമാണ്. ഓടകളും തോടുകളും പാതയോരങ്ങളും മാലിന്യം കൊണ്ട് നിറഞ്ഞിരിക്കുകയാണ്. ഇത് ഭാവിയിൽ ഗുരുതരമായ പ്രത്യാഘാതങ്ങളുണ്ടാക്കും എന്നതിൽ സംശയമില്ല. ഭാവിതലമുറയെക്കൂടി കണ്ടുകൊണ്ട് കുടിവെള്ളം, ശുചിത്വരംഗത്തെ പ്രവർത്തനങ്ങൾ പ്ലാൻ ചെയ്യേണ്ടതുണ്ട്.

വീട്ടുവളപ്പിലെ കിണറുകളും കുളങ്ങളും കാലാകാലങ്ങളിൽ ശുദ്ധീകരിച്ച് ഉപയോഗിക്കുന്നു എന്നുറപ്പാക്കുകയും ഇടിഞ്ഞ് പൊളിഞ്ഞ കിണറുകളെല്ലാം നന്നാക്കുകയും വേണം.

പഞ്ചായത്തിന്റെ പകുതിയിലധികം പ്രദേശങ്ങൾ ചെരിഞ്ഞ ഭൂപ്രദേശമായതിനാൽ അരുവികളിൽ ചെക്ക്ഡാമുകളും സാധ്യമായ സ്ഥലങ്ങളിൽ കുളങ്ങളും നിർമ്മിച്ച് പ്രകൃതിദത്തമായ ഒഴുക്ക് വഴി ജലം എത്തിക്കാനുള്ള പദ്ധതി തയ്യാറാക്കണം.

നബാർഡ്, ജില്ലാപഞ്ചായത്ത് മുതലായവയുടെ സഹകരണത്തോടെ നടപ്പിലാക്കുന്ന കരിങ്കുന്നം കുടിവെള്ളപദ്ധതി ജലക്ഷാമം പരിഹരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

പൊതുകിണറുകൾ സ്ഥാപിക്കാൻ പറ്റിയ പ്രദേശങ്ങൾ കണ്ടെത്തി അവ സ്ഥാപിക്കുകയും അതിന്റെ സംരക്ഷണത്തിനായി ഉപഭോക്താക്കളുടെ കമ്മിറ്റി രൂപീകരിക്കുകയും വേണം.

ജലസ്രോതസ്സുകളിലേക്ക് മാലിന്യങ്ങൾ നിക്ഷേപിക്കുന്നവർക്കെതിരെ കർശനമായ നിയമനടപടി സ്വീകരിക്കണം.

മാലിന്യസംസ്ക്കരണം മുഖ്യ അജണ്ടയായി എടുത്തേ മതിയാവൂ. വീടുകളിലെ മാലിന്യങ്ങൾ ഉറവിടത്തിൽത്തന്നെ സംസ്ക്കരിക്കുന്നതിനായി എല്ലാ വീടുകളിലും പോർട്ടബിൾ മാലിന്യസംസ്ക്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനു ആവശ്യമായ പദ്ധതി തയ്യാറാക്കണം. ശുചിത്വമിഷന്റെ സഹകരണത്തോടെ എല്ലാ വീടുകളിലും ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു.

കരിങ്കുന്നം പഞ്ചായത്ത് പ്രദേശത്തെ മാലിന്യം സംസ്ക്കരിക്കുന്നതിനായി ആധുനിക സജ്ജീകരണങ്ങളോടുകൂടിയ പ്ലാന്റ് സ്ഥാപിക്കേണ്ടതുണ്ട്.

മാലിന്യസംസ്ക്കരണത്തിന്റെ ഭാഗമായി ഉപ ഉല്പന്നമെന്ന നിലയിൽ ജൈവവളം, ഗ്യാസ് എന്നിവ ഉല്പാദിപ്പിക്കാൻ കഴിയുമോ എന്ന് പരിശോധിക്കണം.

മലിനീകരണവും മാലിന്യനിക്ഷേപവും കണ്ടെത്തി അധികാരികളെ അറിയുകയും പ്രതികരിക്കുകയും ചെയ്യുക എന്നത് പൗരന്മാരുടെ ചുമതലയാണ് എന്ന ബോധം വളർത്തുവാനുള്ള പ്രചരണ പരിപാടികൾ നടത്തണം.

കുടിവെള്ളക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ ചെറു ജലസേചനപദ്ധതികൾ സെൽഫ് ഫിനാൻസിംഗ് സംവിധാനത്തിൽ നടപ്പിലാക്കി പ്രശ്നം പരിഹരിക്കാനാകും.

## അദ്ധ്യായം 5.12

# പട്ടികജാതി ക്ഷേമം

പട്ടികജാതി ജനവിഭാഗങ്ങൾ ഏറ്റവും കൂടുതൽ നിവസിക്കുന്നത് ഇല്ലിചാരി, അഴകുംപാറ എന്നവിടങ്ങളിലാണ്. എങ്കിലും പഞ്ചായത്തിന്റെ എല്ലാ പ്രദേശങ്ങളിലും പട്ടികജാതി ജനവിഭാഗങ്ങൾ താമസിക്കുന്നുണ്ട്. എല്ലാ മേഖലയിലും പിന്നോക്കാവസ്ഥ അനുഭവിക്കുന്ന ജനവിഭാഗമാണ് പട്ടികജാതി ജനവിഭാഗം. ഈ ജനവിഭാഗത്തിന്റെ കൈയ്യിലുള്ള കൃഷിഭൂമി വളരെ കുറവാണ്. അഞ്ച് സെന്റ് മുതൽ 15 സെന്റ് വരെ ഭൂമിയുള്ളവരാണ് ഭൂരിപക്ഷവും. 15 സെന്റിനു മേൽ ഭൂമിയുള്ളവർ നാമമാത്രമാണ്. സ്വന്തമായി വാസയോഗ്യമായ വീടില്ലാത്തവർ ഇനിയും ഏതാനും പേരുണ്ട്. രൂക്ഷമായ മറ്റൊരു സംഗതി അവരുടെ വീടുകൾ അറ്റകുറ്റപ്പണി പൂർത്തിയാക്കി വാതിലുകളും ജനലുകളും മറ്റും പിടിപ്പിച്ച് വൃത്തിയും സൗകര്യങ്ങളുമാക്കി മാറ്റേണ്ടതുണ്ട്. വിദ്യാർത്ഥികൾക്കും സ്ത്രീകൾക്കും അവരുടേതായ സൗകര്യവും സ്വാതന്ത്ര്യവും ഉണ്ടാവുന്നതിന് അടച്ചുറപ്പുള്ളതും സൗകര്യങ്ങൾ ഉള്ളതുമായ വീട് അത്യന്താപേക്ഷിതമാണ്. വിദ്യാഭ്യാസരംഗത്ത് പട്ടികവർഗ്ഗ ജനവിഭാഗങ്ങളെ അപേക്ഷിച്ച് കുറച്ച് മുമ്പോട്ടു പോയിട്ടുണ്ടെങ്കിലും സ്കൂൾ തലത്തിലുള്ള കൊഴിഞ്ഞ് പോക്കും ഉന്നതവിദ്യാഭ്യാസം പ്രാപ്തമാകുന്നില്ല എന്നതും പരിമിതികളാണ്. കർഷകത്തൊഴിലാളികളും മറ്റ് മേഖലകളിലെ തൊഴിലാളികളുമാണ്. പട്ടികജാതി വിഭാഗങ്ങളിൽ വലിയൊരളവ് കൃഷി, സ്വയംതൊഴിൽ, ചെറുകിട വ്യവസായം തുടങ്ങിയ മേഖലകളിലേക്ക് ആ വിഭാഗം ജനങ്ങളെക്കൂടി നമുക്ക് കൊണ്ടുവരേണ്ടതുണ്ട്.

പട്ടികജാതി മേഖലയിൽ ഗ്രാമപഞ്ചായത്ത് ആവിഷ്കരിക്കുന്ന പദ്ധതികൾക്ക് പുറമേ പട്ടികജാതി വികസനവകുപ്പും തനതായും നിരവധി പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ഉപയോഗിക്കുന്ന ഫണ്ടുകൾ യഥാർത്ഥ ഗുണഭോക്താക്കളിൽ യഥാസമയം എത്തിക്കുവാനും സമയബന്ധിതമായി പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാനും ഇനിയും കൂടുതൽ ശ്രദ്ധിക്കേണ്ടതായിട്ടാണിരിക്കുന്നത്. കഴിഞ്ഞ കാലങ്ങളിലെ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന കാര്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടത് അത്യാവശ്യമാണ്.

സ്വന്തമായി വീടില്ലാത്തവർ, വീടും സ്ഥലവുമില്ലാത്തവർ എന്നിങ്ങനെയുള്ള എസ്.സി. വിഭാഗത്തിൽപ്പെട്ടവരുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കുകയും ഈ ലിസ്റ്റിൽ വിഭാഗത്തിൽപ്പെട്ടവരുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കുകയും ഈ ലിസ്റ്റിൽപ്പെട്ടവർക്ക് ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ എസ്.സി. ഡിപ്പാർട്ട്മെന്റ് എന്നിവരുടെ സഹകരണത്തോടെ ഒന്നോ രണ്ടോ വർഷം കൊണ്ട് വീട് നിർമ്മാണം പൂർത്തീകരിക്കണം.

വീട് അറ്റകുറ്റപ്പണി, കക്കൂസ് എന്നീ പ്രോജക്ടുകൾ എല്ലാ കാലത്തേക്കുമായി തുടർന്നു പോകുന്നത് അവസാനിപ്പിക്കണം. എങ്കിൽ മാത്രമേ ഈ രംഗത്തുള്ള പണം ഉല്പാദനമേഖലയിലേക്ക് തിരിച്ചുവിടുവാൻ കഴിയുകയുള്ളൂ.

കൃഷിഭൂമി താരതമ്യേന കുറച്ചുമാത്രം കൈവശമുള്ള പട്ടികജാതി ജനവിഭാഗത്തെ സംബന്ധിച്ചിടത്തോളം അവർക്ക് തൊഴിലും വരുമാനവും ഉറപ്പുവരുത്തുന്നതിന് മറ്റ് മേഖലകളിൽ പണം

മൂടക്കേണ്ടിവരും. ചെറുകിടവ്യവസായം, മൃഗസംരക്ഷണം, മറ്റ് സ്വയംതൊഴിൽ സംരംഭങ്ങൾ എന്നീ മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ട്.

ആവശ്യമായ യാത്രാസൗകര്യം ഒരുക്കുക എന്നുള്ളത് ഇനിയും വൈകാവുന്ന ഒരു കൃതമല്ല. എസ്.സി. വിഭാഗക്കാർ ഏറ്റവും കൂടുതൽ താമസിക്കുന്ന ഇല്ലിചാരി, ഒറ്റല്ലൂർ, അഴകുംപാറ എന്നീ പ്രദേശങ്ങൾ തികച്ചും അവികസിതമായി തുടരുകയാണ്.

വിദ്യാഭ്യാസരംഗത്ത് കുട്ടികൾ ഹയർ സെക്കന്ററി തലം വരെ എത്തുന്നുണ്ടെങ്കിലും ഉന്നത വിദ്യാഭ്യാസ രംഗത്തേക്ക് കടക്കുന്നവരുടെ എണ്ണം പരിമിതമായി തുടരുന്നു. നല്ല കോഴ്സുകൾ തെരഞ്ഞെടുക്കുവാനും പി.എസ്.സി. പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന കുട്ടികളെ സഹായിക്കാനുമായി ഒരു സ്ഥിരം കരിയർ ഗൈഡൻസ് സെന്റർ അത്യാവശ്യമാണ്.

എസ്.സി. വിഭാഗത്തിൽ വൈദ്യുതീകരിക്കാത്ത പല വീടുകളും ഇനിയുമുണ്ട്. എൽ.ടി. ലൈൻ വലിക്കുന്നതിന് കെ.എസ്.ഇ.ബി. ആവശ്യപ്പെടുന്ന തുക അടയ്ക്കാൻ കഴിയാത്തതിനാൽ വൈദ്യുതി എടുക്കാത്തവരാണ് പലരും.

ഇത്തരക്കാരുടെ പ്രശ്നം സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി ഗവൺമെന്റ് പരിഹരിക്കുമെന്ന് കരുതുന്നു. ഒറ്റപ്പെട്ട സ്ഥലങ്ങളിൽ താമസിക്കുന്നവർക്ക് വീട്ടിലേക്ക് വൈദ്യുതി, റോഡ് എന്നിവ എത്തിക്കുന്നതിന് പലവിധ തടസ്സങ്ങൾ നേരിടുന്നു.

## അദ്ധ്യായം 5.13

# പട്ടികവർഗ്ഗക്ഷേമം

കരിങ്കുന്നം ഗ്രാമപഞ്ചായത്തിൽ ആകെ 50 പട്ടികവർഗ്ഗ കുടുംബങ്ങളുണ്ട്. ഇതിൽ ഏകദേശം 145 അംഗങ്ങളുണ്ട്. 67 പുരുഷനും 78 സ്ത്രീകളും. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി ഇവർ അധിവസിക്കുന്നു. സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായി വളരെ താഴ്ന്ന നിലയിലാണിവർ. പട്ടികവർഗ്ഗ വികസന ഓഫീസ്, ബ്ലോക്ക് ജില്ലാ പഞ്ചായത്തുകൾ മുഖേന സ്കീമുകളിൽ വീടുകൾ, സ്ഥലം, വിവിധ ധനസഹായം, വിദ്യാഭ്യാസ ഗ്രാന്റ് മുതലായവ ലഭിക്കുന്നുണ്ടെങ്കിലും ആവശ്യങ്ങൾ ഇനിയും ഏറെയാണ്.

1. താമസിക്കുന്നതിനുള്ള വീടും സ്ഥലവും മാത്രമേ ഇവർക്കുള്ളൂ. ഇവരുടെ വരുമാന വർദ്ധനവിന് കൃഷിക്കനുയോജ്യമായ 2 ഏക്കർ സ്ഥലം വീതം നൽകുക.
2. കുട്ടികളുടെ വിദ്യാഭ്യാസത്തിന് ആവശ്യമായ ധനസഹായം അപര്യാപ്തമാണ്. ഇത് വർദ്ധിപ്പിച്ചു നൽകുക.
3. വീടുകളുടെ അറ്റകുറ്റപ്പണികൾക്ക് ആവശ്യമായ തുക വർദ്ധിപ്പിച്ചു നൽകുക.

## അദ്ധ്യായം 5.14

# കാലാവസ്ഥാ വ്യതിയാനം, ജൈവ വൈവിധ്യം, ദുരന്തനിവാരണം

തെക്കു പടിഞ്ഞാറൻ മൺസൂണും വടക്കു കിഴക്കൻ മൺസൂണും ഇവിടെ കിട്ടുന്നു. ജൂൺ, ജൂലൈ മാസങ്ങളിൽ കാലവർഷവും ഒക്ടോബർ-നവംബർ മാസങ്ങളിൽ തുലാവർഷവും ലഭിക്കുന്നുണ്ട്. ഏപ്രിൽ, മെയ് മാസങ്ങളിൽ കടുത്ത ചൂടും, ഡിസംബർ -ജനുവരി മാസങ്ങളിൽ തണുപ്പും അനുഭവപ്പെടുന്നു. വേനൽക്കാലത്ത് അതിരൂക്ഷമായ കുടിവെള്ള ക്ഷാമം നേരിടേണ്ടിവരുന്ന ഒരു പ്രദേശം കൂടിയാണിത്.

കാലംതെറ്റിവരുന്ന പെരുമഴയും, കാറ്റും, വരൾച്ചയും വലിയതോതിൽ നഷ്ടമുണ്ടാക്കാറുണ്ട് ആഞ്ഞുവീശുന്ന കാറ്റിന്റെ ശക്തിയിൽ വൻമരങ്ങൾപോലും കടപുഴകി വീഴാറുണ്ട്. കനത്ത കാറ്റിലും മഴയിലും തകർന്നടിയുന്ന കൃഷിയിടങ്ങളും വീടുകളും കെട്ടിടങ്ങളും ഇവിടെ ഇടയ്ക്കിയെ ആവർത്തിച്ചുകൊണ്ടിരിക്കുന്നു. അകാലത്തിൽ ഉണ്ടാകുന്ന കാലാവസ്ഥാ വ്യതിയാനം മൂലം കൃഷിക്കും മറ്റ് വസ്തുവകകൾക്കും ഉണ്ടാകുന്ന നഷ്ടം വളരെ വലുതാണ്.

താരതമ്യേന ഉയർന്ന പ്രദേശമായതിനാൽ പ്രളത്തിൽ നിന്നുള്ള കെടുതികൾ ഇവിടെ കുറവാണ്. എന്നാൽ പഞ്ചായത്തിലെ തോടുകളുടെ ഇരുകരകളിൽ താമസിക്കുന്നവർ മഴക്കാലത്ത് ഏറെ പ്രതിസന്ധിയിൽ അകപ്പെടാറുണ്ട്. വീടിനകത്ത് വെള്ളം കയറി ഗൃഹോപകരണങ്ങൾ അടക്കം നഷ്ടപ്പെടാറുണ്ട്. ഈ സ്ഥിതി തദ്ദേശവാസികളുടെ തന്നെ പാരിസ്ഥിതിക അവബോധമില്ലായ്മയുടെ ഫലമാണ് താനും. തോട് പുറമ്പോക്ക് കൈയേറി തോടിന്റെ വിസ്തൃതികുറച്ചതും, വെള്ളം ഒഴുക്കിന്റെ ദിശമാറ്റം വരുത്തിയതും, ഖര-ദ്രവ മാലിന്യങ്ങളാകെ തോട്ടിലേക്ക് ഒഴുക്കി ജലത്തിന്റെ സ്വാഭാവിക ഒഴുക്ക് തടസ്സപ്പെടുത്തിയതും മഴക്കാലത്ത് ദുരന്തത്തിനിടയാക്കിയിട്ടുണ്ട്. “ഇനി ഞാൻ ഒഴുകട്ടെ” എന്ന പേരിലുള്ള പുഴ ശുദ്ധീകരണ പ്രവർത്തനങ്ങൾ നടത്തിയതിന്റെ ഫലമായി ഈ പ്രശ്നത്തിന്റെ രൂക്ഷത കുറയ്ക്കാനായിട്ടുണ്ട്. 2018-ലെ പ്രളയത്തിനുശേഷം ജലത്തിന്റെ സ്വാഭാവിക ഒഴുക്ക് ഉറപ്പാക്കിയ പ്രദേശങ്ങളിലെല്ലാം തോട് കര കവിഞ്ഞ് ഒഴുകുന്നതുമൂലമുണ്ടാകുന്ന മഴക്കെടുതികൾ ഒട്ടൊക്കെ പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

ഉരുൾപൊട്ടലിനും മണ്ണ് ഇടിച്ചിലിനും സാധ്യതയുള്ള പ്രദേശങ്ങൾ ഈ പഞ്ചായത്തിലുണ്ട്. ഇല്ലിചാരി, പഴയമറ്റം, പൊട്ടൻപ്ലാവ് പ്രദേശം (അമ്പലപ്പടി), മറ്റത്തിപ്പാറ, നെല്ലാപ്പാറ, വെള്ളംനീക്കിപ്പാറ തുടങ്ങിയ സ്ഥലങ്ങളിൽ എല്ലാം ഉരുൾപൊട്ടൽ ഉണ്ടാകാനുള്ള

സാദ്ധ്യത അവഗണിക്കാനാവില്ല. 2018 ലും 2019 ലും പെരുമഴക്കാലത്ത് ഇല്ലിചാരി പൊട്ടൻപ്ലാവ് (അമ്പലപ്പടി) ഭാഗത്ത് ഭൂമിക്ക് അടിയിൽ നിന്നും ഭയാനകമായ മുഴക്കം അനുഭവപ്പെട്ടിരുന്നു. ഇവിടെ താമസിച്ചിരുന്ന കുടുംബങ്ങൾ ബന്ധുവീടുകളിലേക്കോ വാടക വീടുകളിലേക്കോ മാറി താമസിക്കേണ്ടതായും വന്നിട്ടുണ്ട്. ഉരുൾപൊട്ടലോ മറ്റ് പ്രകൃതിദുരന്തങ്ങളോ ഉണ്ടായിട്ടില്ലാത്തതിനാൽ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ദുരിതാശ്വാസ ക്യാമ്പ് തുറക്കേണ്ടിവന്നിട്ടില്ല. എങ്കിലും ഇല്ലിചാരി-പൊട്ടൻപ്ലാവ് പ്രദേശമടക്കം പഞ്ചായത്തിലെ ഉയർന്ന മലനിരകളിലെ ഭൂഘടനയെക്കുറിച്ച് തുടർപഠനവും ആഴത്തിലുള്ള അന്വേഷണവും അനിവാര്യമാണ്.

കോവിഡ് മഹാമാരിയെ നേരിടുന്നതിൽ ഗ്രാമപഞ്ചായത്ത് ഉണർന്ന് പ്രവർത്തിച്ചിട്ടുണ്ട്. ഫെസിലിറ്റേഷൻ സെന്റർ തുറന്നു പ്രവർത്തിച്ചും, വീടുകളിൽ കഴിഞ്ഞിരുന്ന രോഗികൾക്ക് ആരോഗ്യവകുപ്പുമായി സഹകരിച്ച് മരുന്നും ഭക്ഷണവും എത്തിച്ചുനൽകിയും, ജനങ്ങളുടെ ഭീതി അകറ്റാൻ പര്യാപ്തമായ ക്യാമ്പയിനുകൾ, സംഘടിപ്പിച്ചും ജാഗ്രതയോടെ പ്രവർത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. പഞ്ചായത്തിലെ കോവിഡ് രോഗവ്യാപനനിരക്ക് കുറയ്ക്കുന്നതിനും ജനങ്ങളുടെ ആശങ്കയും ഭയവും അകറ്റാനും ഈ രംഗത്തെ ഇടപെടലുകൾ സഹായിച്ചു.

തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന് സമഗ്രമായ ഒരു ദുരന്തനിവാരണപദ്ധതി സജ്ജമാക്കേണ്ടതുണ്ട്. രാഷ്ട്രീയ പാർട്ടികൾ, യുവജനസംഘടനകൾ, സന്നദ്ധ സംഘടനകൾ, ക്ലബ്ബുകൾ, ലൈബ്രറികൾ, കുടുംബശ്രീ എന്നിവയെ എല്ലാം കൂട്ടിയോജിപ്പിച്ചുകൊണ്ടുള്ള ഒരു പദ്ധതി ഉണ്ടാകേണ്ടതുണ്ട്. മുൻവർഷങ്ങളിൽ നേരിട്ട ദുരന്തങ്ങളുടെ ചരിത്രം, ആവർത്തനകാലചക്രം, ദുരന്തസാദ്ധ്യത പ്രദേശങ്ങൾ, ദുരന്തഭീഷണി നേരിടുന്ന കെട്ടിടങ്ങൾ എന്നിവയുടെ എല്ലാം വിവരങ്ങൾ സൂക്ഷിക്കേണ്ടതുണ്ട്.

ദുരന്തമുഖത്ത് ഏറ്റവും പ്രധാനപ്പെട്ട ഇടപെടലുകൾ നടത്തേണ്ട ചുമതലയുള്ള ഇ.ആർ.ടി. (എമർജൻസി റസ്പോൺസ് ടീം) രൂപീകരിക്കണം.

# ഉപസംഹാരം

കരിങ്കുന്നം ഗ്രാമപഞ്ചായത്തിലെ 2022-23 സാമ്പത്തികവർഷത്തെ വികസന രേഖ തയ്യാറാക്കുന്ന പ്രവർത്തനങ്ങളിൽ അകമഴിഞ്ഞ് സഹകരണം നൽകിയ വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ, ഗ്രാമസഭാംഗങ്ങൾ, നിർവ്വഹണ ഉദ്യോഗസ്ഥർ, പഞ്ചായത്ത് ജീവനക്കാർ, ഗ്രാമപഞ്ചായത്ത് മെമ്പർമാർ, ഊരുകൂട്ടം അംഗങ്ങൾ, പ്ലാൻ കോ-ഓർഡിനേറ്റർ തുടങ്ങി എല്ലാവർക്കും നന്ദി അർപ്പിക്കുന്നു. ഈ ആത്മാർത്ഥതയും സമർപ്പണ മനോഭാവവും നിർവ്വഹണ പ്രക്രിയയിൽ സമർപ്പിച്ച് നമ്മുടെ ഗ്രാമപഞ്ചായത്ത് അടുത്തവർഷം 100% പദ്ധതി നിർവ്വഹണം കൈവരിക്കും എന്ന് ഉറച്ച് വിശ്വസിച്ചുകൊണ്ട് എല്ലാവർക്കും ഒരിക്കൽക്കൂടി നന്ദി അർപ്പിച്ചുകൊള്ളുന്നു.

സ്നേഹപൂർവ്വം

**ജോജി തോമസ്**

പ്രസിഡന്റ്, കരിങ്കുന്നം ഗ്രാമപഞ്ചായത്ത്

## കരിങ്കുന്നം ഗ്രാമപഞ്ചായത്ത്

# 14-ാം പഞ്ചവത്സര പദ്ധതി

# 2022 - 2027



# വികസനരേഖ